പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 837** **14-10-2026-ൽ മറുപടിയ്ക്ക്**

**പന്നികളുടെ ആക്രമണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കുറുക്കോളി മൊയ്തീൻ

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

**(എ)** ഗ്രാമപ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലും പന്നികളുടെ എണ്ണത്തിൽ ഉണ്ടാകുന്ന ക്രമാതീതമായ വർദ്ധനവ് നിയന്ത്രിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

**മറുപടി:** ജനവാസ മേഖലകളിലിറങ്ങി ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന കാട്ടുപന്നികളെ വെടിവെച്ച് കൊല്ലാൻ തദ്ദേശ സ്ഥാപന തലത്തിൽ എംപാനൽ ചെയ്ത 848 ഷൂട്ടർമാരുടെ പട്ടിക (276 പഞ്ചായത്തുകളിലായി) തയ്യാറാക്കുകയും ഷൂട്ടർമാരുടെ പ്രവർത്തന പരിധിയുമായി ബന്ധപ്പെട്ട പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിച്ച് സംസ്ഥാനത്ത് എവിടെയും ജനവാസമേഖലകളിലിറങ്ങുന്ന കാട്ടുപന്നികളെ ഇല്ലായ്മ ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാവുന്ന വിധത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

**(ബി)** പന്നികളുടെ ആക്രമണം മൂലം മനുഷ്യർക്കുണ്ടാകുന്ന ജീവഹാനിക്കും പരിക്കിനും എപ്രകാരമാണ് നഷ്ടപരിഹാരം നൽകുന്നതെന്ന് വിശദമാക്കാമോ;

**മറുപടി:** മനുഷ്യ-വന്യജീവി സംഘർഷത്തിൽ മരണപ്പെടുന്നവരുടെ നിയമപരമായ അനന്തരാവകാശികൾക്ക് നിലവിൽ 14 ലക്ഷം രൂപ നഷ്ടപരിഹാരമായി അനുവദിച്ചുവരുന്നു. മനുഷ്യ-വന്യമൃഗ സംഘർഷത്തിൽ പരിക്കേറ്റ് ഒരാഴ്ചയിൽ കൂടുതൽ ആശുപത്രിയിൽ കിടത്തി ചികിത്സ ആവശ്യമായ കേസുകളിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ (SDRF) നിന്നും 16,000/- രൂപ വരെയും ബാക്കി ചികിത്സാ ചെലവ് പരമാവധി ₹84,000/- വരെ വനം വകുപ്പിന്റെ ഫണ്ടിൽ നിന്നും അനുവദിക്കാവുന്നതാണ്. ഒരാഴ്ചയിൽ താഴെ ആശുപത്രിവാസം ആവശ്യമായ കേസുകളിൽ SDRF-ൽ നിന്നും ₹5,400/- വരെയും ബാക്കി ചികിത്സാ ചെലവ് പരമാവധി ₹94,600/- വരെ വനം വകുപ്പിന്റെ ഫണ്ടിൽ നിന്നും അനുവദിക്കാവുന്നതാണ്. ചികിത്സിച്ച ഡോക്ടർ സാക്ഷ്യപ്പെടുത്തിയ യഥാർത്ഥ ചികിത്സാ ചെലവിന്റെ അടിസ്ഥാനത്തിലാണ് അനുവദിക്കുന്നത്.

40% മുതൽ 60% വരെ സ്ഥിര അംഗവൈകല്യം സംഭവിച്ചവർക്ക് നൽകുന്ന തുക ₹2 ലക്ഷവും 60%-ന് മുകളിൽ അംഗവൈകല്യം സംഭവിച്ചവർക്ക് നൽകുന്ന തുക ₹2.5 ലക്ഷവുമാണ്.

പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ചികിത്സയുടെ മുഴുവൻ ചെലവും അനുവദിക്കാവുന്നതാണ്. ഇവർക്ക് ₹1,00,000/- എന്ന പരമാവധി

പരിധി ബാധകമല്ല.

**(സി)** പന്നികളുടെ ആക്രമണം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് കർഷകർക്ക് എപ്രകാരമാണ് നഷ്ടപരിഹാരം നൽകുന്നതെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** നിലവിൽ കൃഷിനാശത്തിനുള്ള നഷ്ടപരിഹാരത്തിന് e-district portal വഴി അപേക്ഷകൾ സമർപ്പിയ്ക്കാവുന്നതാണ്. ബന്ധപ്പെട്ട ഡി. എഫ്. ഒ പ്രസ്തുത അപേക്ഷകൾ പരിശോധിച്ച് പരമാവധി 1 ലക്ഷം രൂപ വരെ നഷ്ടപരിഹാരം നൽകുന്നു.

**(ഡി)** മനുഷ്യർക്കും കൃഷിക്കും നാശമുണ്ടാക്കുന്ന പന്നികളെ കൊല്ലുന്നതിനും പിടികൂടുന്നതിനും പൊതുജനങ്ങൾക്ക് സ്വീകരിക്കാവുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** അതാത് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/ മുനിസിപ്പൽ ചെയർമാൻ / മേയർ എന്നിവർക്കോ വാർഡ് മെമ്പർക്കോ രേഖാമൂലം പരാതി നൽകാം. പന്നികളെ വെടിവെക്കാൻ തദ്ദേശ സ്ഥാപനങ്ങൾ തോക്ക് ലൈസൻസുള്ള വിദഗ്ധരായ ഷൂട്ടർമാരുടെ പാനൽ തയ്യാറാക്കിയിട്ടുണ്ട്. പരാതി ലഭിക്കുന്ന മുറയ്ക്ക് ഈ ഷൂട്ടർമാരെ ഉപയോഗിച്ച് പന്നികളെ വെടിവെച്ച് കൊല്ലാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ നടപടിയെടുക്കും.

**സെക്ഷൻ ഓഫീസർ**